പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രാദേശികതലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളിലിടപെട്ട് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

കാർഷിക ജലസേചന പദ്ധതി

158(2194) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി വിഭാവനം ചെയ്ത കാർഷിക ജലസേചന പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി വിഭാവനം ചെയ്ത കാർഷിക ജലസേചന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കയ്യൂർ-ചീമേനി, ചെറുവത്തൂർ, പടന്ന, പീലിക്കോട് പഞ്ചായത്തുകളിൽപ്പെടുന്ന നാലിലംകണ്ടം മുതൽ എടച്ചാക്കൈ വരെയുള്ള 618 ഹെക്ടർ പ്രദേശത്ത് കൃഷിസ്ഥലങ്ങളുടെയും ജലസ്രോതസ്സുകളുടെയും പ്രാഥമിക വിവരശേഖരണവും സർവ്വേ നടപടിയും കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുകയും പ്രദേശത്തെ വിവിധ പാടശേഖര സമിതികളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുകയും കാർഷിക രംഗത്തുള്ള പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് ഉദ്ദേശം 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

വൻകിട ജലസേചന വിഭാഗം പ്രവൃത്തികൾ

159(2195) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly